പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3010 — 23.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.അജിത്ത് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15 വർഷത്തിൽ വൈക്കം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളുടെ കീഴിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ; | (എ) | അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ വർഷം തൊഴിലാളികൾക്ക് മുൻ വർഷങ്ങളേക്കാൾ കുറച്ച് മാത്രമേ തൊഴിൽ ദിനങ്ങൾ ലഭിച്ചു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായ നിബന്ധനകൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) | ഉണ്ട്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 ഉം 2 ഉം, 03.01.2014 ലെ വിജ്ഞാപന പ്രകാരം, കേന്ദ്രസർക്കാർ കാതലായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതുപ്രകാരം, നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉല്പാദനപരവുമായ വ്യക്തിഗത/സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. അതോടൊപ്പം, പ്രകടമല്ലാത്തതും അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ തുടങ്ങിയ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നത് പദ്ധതിയിൽ നിരോധിച്ചിട്ടുണ്ട്. ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞത് 60 ശതമാനം തുക കാർഷിക/കാർഷിക അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വിനിയോഗിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതികളേറ്റെടുക്കുമ്പോൾ തൊഴിലുറപ്പ് നിയമത്തിലെ ഖണ്ഡിക 5 ൽ പ്രതിപാദിച്ചിട്ടുള്ള ദുർബല ജനവിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15 വർഷത്തിൽ (17.03.2015 വരെ) വൈക്കം നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ |
|---|---|---|
| 1 | ചെമ്പ് | 42927 |
| 2 | മറവൻതുരുത്ത് | 56442 |
| 3 | തലയാഴം | 72753 |
| 4 | ടി.വി. പുരം | 21954 |
| 5 | ഉദയനാപുരം | 96260 |
| 6 | വെച്ചൂർ | 40627 |
| ആകെ | | 330963 |